പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1429 — 15.06.2012 ൽ മറുപടിയ്ക്ക്

# രാസവള സബ്സിഡി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) രാസവളങ്ങൾക്കുള്ള സബ്സിഡി വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1.4.2010 മുതൽ കേന്ദ്ര സർക്കാർ എൻ.ബി.എസ്. പദ്ധതി നടപ്പിലാക്കുകയും വളം സബ്സിഡി നൽകുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തുകയുമുണ്ടായി. ഈ പദ്ധതി പ്രകാരം ഓരോ വളത്തിലുമുള്ള പാക്യജനകം, ഭാവകം, ക്ഷാരം എന്നിവയ്ക്കാണ് സബ്സിഡി നിശ്ചയിക്കുന്നത്. ഓരോ മൂലകത്തിനും എത്ര ശതമാനം സബ്സിഡി അനുവദിക്കണമെന്നത് കേന്ദ്ര സർക്കാരിന്റെ നയതീരുമാനങ്ങളിൽപ്പെടുന്നതാണ്. കർഷകരുടെ ബുദ്ധിമുട്ട് കുറയ്ക്കാൻ കേരളസർക്കാർ 8.11.2011 മുതൽ സംസ്ഥാനത്ത് വിപണനം നടത്തുന്ന രാസവളങ്ങളെ വാറ്റ് നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പ് നാളീകേര വികസന ബോർഡ്, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി 2012-13 ൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൽപ്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. |
| (ബി) രാസവള സബ്സിഡി വെട്ടിക്കുറച്ച നടപടി കൃഷിക്കാരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (ബി) ബാധിച്ചിട്ടുണ്ട്. |
| (സി) കൃഷിക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇത് സംബന്ധിച്ച് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് | (സി) കൃഷിവകുപ്പ്, നാളീകേര വികസന ബോർഡ്, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഉൽപ്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് സബ്സിഡി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ